## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**. നിയമസഭാ ചോദ്യം നം. 5271**

**26.03.2018-ന് മറുപടിയ്ക്ക്**

## <u>നെയ്യാർ ഡാം ജി.എച്ച്.എസ് നെ മോഡൽ സ്കൂളായി ഉയർത്തുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നെയ്യാർ ഡാം ജി.എച്ച്.എസ് നെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായുള്ള മൂന്ന് കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നെയ്യാർ ഡാം ജി.എച്ച്.എസിനെ തെരഞ്ഞെടുക്കുകയും അപ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5,31,38,514/- രൂപയ്ക്കുള്ള (അഞ്ചുകോടി മുപ്പത്തൊന്ന് ലക്ഷത്തി മുപ്പത്തെണ്ണായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ) ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS -നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർവ്വഹണത്തിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വിശദീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ